**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 20/09/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC32/2021/EXCISE**

വിഷയം: എക്സൈസ് ഭരണപരം - എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി ലൈസൻസികളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതായ പരാതി - കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 14.07.2021-ലെ എഫ്2/79/2021/നി.വ. നമ്പർ സർക്കാർ കത്ത്.

പത്തനംതിട്ട ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരായ പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ബാറുടമകളിൽ നിന്നും എക്സൈസ് ഉദ്യോഗസ്ഥർ പണം വാങ്ങുന്നുവെന്ന ആരോപണം അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തിയതായും, എന്നാൽ പത്തനംതിട്ട ഡിസ്ട്രിക്ട് എക്സൈസ് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (പി.ടി. നമ്പർ 79) 2020-ൽ പുറത്തിറക്കിയ ഡയറിയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക് എക്സൈസ് അസ്സോസിയേഷൻ ഭാരവാഹികൾ രസീത് നൽകി ബാർ ഹോട്ടൽ ഉടമകളിൽ നിന്ന് പണം വാങ്ങിയിട്ടുള്ളതായും, കൂടാതെ എക്സൈസ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ നടന്ന കായികമേള , ബോധവത്കരണ ക്യാമ്പുകൾ മുതലായവയുടെ നടത്തിപ്പിനും സംഭാവന വാങ്ങുന്നതായി കണ്ടെത്തി എന്നും ബാർ അസ്സോസിയേഷനുകളുടെ ഭാഗത്തു നിന്നും സഹായങ്ങൾ കൈപ്പറ്റുന്നത് ബാർ ഉടമകളുടെ വീഴ്ചകളിൽ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും എക്സൈസ് ഉദ്യോഗസ്ഥരെ പിന്തിരിപ്പിക്കുന്നതിനും ഇത്തരത്തിലുള്ള വ്യാപക പിരിവുകൾ അഴിമതിക്ക് ഇടയാക്കുകയും ചെയ്യുമെന്ന് ബോദ്ധ്യമായിട്ടുണ്ടെന്നും വിജിലൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ ആശാസ്യകരമല്ലാത്ത പണപ്പിരിവുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാർ സൂചന പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരത്തിൽ ലൈസൻസികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതു വഴി ലൈസൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന നിയമ ലംഘനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വിധേയത്വ മനോഭാവം / മൃദുസമീപനം / പ്രത്യുപകാര മനോഭാവം ഉണ്ടാകുകയും ആയത് വഴി നിയമലംഘനങ്ങളിൽ കർശനമായ

നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരാൻ സാഹചര്യമുള്ളതിനാൽ താഴെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

1. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം റൂൾ 14 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ പൊതുജനങ്ങളിൽ നിന്ന് സർക്കാർ ചുമതലപ്പെടുത്താതെയോ സർക്കാർ അനുവാദം കൂടാതെയോ പണം കൈപ്പറ്റാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.
2. അബ്കാരി ആക്ടുമായി ബന്ധപ്പെട്ട അനുബന്ധ ചട്ടങ്ങൾ പ്രകാരം ഉദ്യോഗസ്ഥർ ലൈസൻസികളുമായി യാതൊരുവിധ പണമിടപാടുകളും പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.
3. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും സംഘടനകൾ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾക്കും സാമ്പത്തിക സഹായത്തിനായി യാതൊരു കാരണവശാലും ലൈസൻസികളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.
4. എക്സൈസ് ജീവനക്കാരുടെ സഹകരണ സംഘങ്ങൾ പുറത്തിറക്കുന്ന ഡയറി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് ലൈസൻസികളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.

ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും വീഴ്ചവരുത്തുന്ന പക്ഷം കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**S. AANANTHAKRISHNAN IPS**
Signature valid
Digitally signed by Aananthakrishnan S
Date: 2021.09.2[illegible]:36:14 IST
Reason: Approved
**എക്സൈസ് കമ്മീഷണർ**

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം)
2. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്)
3. എക്സൈസ് വിജിലൻസ് ഓഫീസർ.
4. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
7. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും.
8. എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും.
9. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
10. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ